# സന്ന്യാസിയുടെ സൂത്രം



**ഉണ്ണികൃഷ്ണൻ കിടങ്ങൂർ**

ഒരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. രണ്ടുപേരും വഴക്കാളികളായിരുന്നു. ചെറിയ കാര്യം മതി, അവർ വഴക്കുകൂടാൻ! ഇങ്ങനെ വഴക്കിടുന്നതിൽ അവർക്കും വിഷമമുണ്ടായിരുന്നു. പക്ഷേ, വഴക്ക് തുടങ്ങിയാൽ രണ്ടുപേർക്കും നിർത്താനാവില്ല.

അങ്ങനെയിരിക്കെ ഒരുദിവസം ഗ്രാമത്തിൽ ഒരു സന്ന്യാസിയെത്തി. ഏതുപ്രശ്നവും അദ്ദേഹം നിഷ്പ്രയാസം പരിഹരിക്കുമെന്ന് പലരും പറഞ്ഞത് അമ്മൂമ്മയും അറിഞ്ഞു. ''അങ്ങനെയാണെങ്കിൽ അപ്പൂപ്പനുമായി വഴക്കടിക്കുന്നത് ഒന്നു നിറുത്തിക്കിട്ടാൻ വല്ല വഴിയും ഉണ്ടാകുമോയെന്ന് സന്ന്യാസിയോട് ചോദിക്കണം.''

അവർ സന്ന്യാസിയുടെ അടുത്തെത്തി. കാര്യങ്ങളെല്ലാം അദ്ദേഹത്തെ ധരിപ്പിച്ചു. എല്ലാം കേട്ടശേഷം സന്യാസി ഒരു പുഞ്ചിരിയോടെ പറഞ്ഞു: ''ഇത് വളരെ നിസ്സാരമായ കാര്യമാണ്. ഞാനിത് എളുപ്പത്തിൽ പരിഹരിച്ചുതരാം.''സന്ന്യാസി അപ്പോൾതന്നെ ഒരു കുപ്പി വെള്ളം അമ്മൂമ്മയുടെ കൈയിൽ കൊടുത്തു. എന്നിട്ടു പറഞ്ഞു: ''ഈ കുപ്പിയിലെ വെള്ളം മാന്ത്രികജലമാണ്. വഴക്കുതുടങ്ങുമ്പോൾ നിങ്ങൾ ഇതിൽനിന്നും കുറച്ചുവെള്ളം വായിലൊഴിക്കണം. കുടിക്കരുത്. തുപ്പുകയുമരുത്. കുറച്ചുദിവസം അങ്ങനെ ചെയ്താൽ വഴക്ക് തനിയെ മാറിക്കൊള്ളും.'' അമ്മൂമ്മക്ക് സന്തോഷമായി. അവർ സന്ന്യാസിയോട് നന്ദിപറഞ്ഞ് വീട്ടിലേക്കു പോയി. വീട്ടിലെത്തിയപ്പോൾ അമ്മൂമ്മയെ കാണാത്തതിനാൽ അപ്പൂപ്പൻ ദേഷ്യപ്പെട്ടു നിൽക്കുകയായിരുന്നു. ''എവിടെപ്പോയിരുന്നു നീ ഇതുവരെ..?'' അപ്പൂപ്പൻ കോപിഷ്ഠനായി.

അപ്പൂപ്പനോട് കയർക്കാൻ അമ്മൂമ്മക്ക് നാവു തരിച്ചതാണ്. അപ്പോഴാണ് കൈയിലിരിക്കുന്ന മാന്ത്രിക ജലത്തെക്കുറിച്ച് ഓർ



മിച്ചത്. അമ്മൂമ്മ അപ്പൂപ്പൻ കാണാതെ ഒരു കവിൾ വെള്ളം വായിലൊഴിച്ചു. എന്നിട്ട് ഒന്നും പറയാതെ നിന്നു.

അതുകണ്ടപ്പോൾ അപ്പൂപ്പന് ദേഷ്യം കൂടി. ''ഹും.. എന്താടീ.. നിന്റെ വായിലെന്താ കുന്തമാണോ.. ഒന്നും മിണ്ടാതെ നിൽക്കുന്നതെന്താ..?'' അപ്പൂപ്പൻ വീണ്ടും ചോദിച്ചു. അപ്പോഴും അമ്മൂമ്മ ഒന്നും മിണ്ടാതെ നിന്നു. അങ്ങനെ കുറച്ചു സമയം കഴിഞ്ഞപ്പോൾ അപ്പൂപ്പന്റെ ദേഷ്യം കുറഞ്ഞു.

പിന്നീട് അപ്പൂപ്പൻ ദേഷ്യപ്പെടുമ്പോഴെല്ലാം അമ്മൂമ്മ കുപ്പിയിലിരിക്കുന്ന മാന്ത്രികജലം വായിലൊഴിച്ച് മിണ്ടാതെ നിൽക്കും.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ അമ്മൂമ്മയോടു വഴക്കിടാനുള്ള താൽപര്യം അപ്പൂപ്പനും കുറഞ്ഞു. അങ്ങനെയങ്ങനെ വീട്ടിലെ വഴക്ക് പതിയെപ്പതിയെ മാറി.

സന്ന്യാസി കൊടുത്തുവിട്ടത് വെറും വെള്ളമായിരുന്നുവെന്ന് പാവം അമ്മൂമ്മക്ക് ഇന്നും അറിയില്ല.

✦